# UNIT TEST - 2011-12

## Std. V

## Basic Science - Question Bank

**മേഖല: അപഗ്രഥിച്ച് നിഗമനത്തിലെത്തൽ**

**പ്രവർത്തനം: 1**

| ലീനം | ------------------- |
| --- | --- |
| ഉപ്പ് | ജലം |
| ടാർ | ................ |
| പഞ്ചസാര | ................ |
| സോപ്പ് | ................ |
| പെയിന്റ് | മണ്ണെണ്ണ |
| തുരിശ് | ജലം |
| ഗ്ലൂക്കോസ് | ................ |

മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക അപഗ്രഥിച്ച് വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുക. ഇതിൽ ഏറ്റവും കൂടുതൽ ലീനം ലയിക്കുന്ന ദ്രാവകം ഏതാണ്? ഇതിൽ നിന്ന് നിങ്ങൾ എത്തിച്ചേർന്ന നിഗമനം എന്താണ്?

**പ്രവർത്തനം: 2**




മുകളിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങളെ നിരീക്ഷിച്ച് ഓരോ ചെടിയിലും ഇലകൾ എങ്ങനെ ക്രമീകരിച്ചിരിക്കുന്നുവെന്ന് കണ്ടെത്തുക. ഓരോ ക്രമീകരണത്തിന്റെയും പ്രത്യേകതയെന്ത്? ഇത്തരം ക്രമീകരണങ്ങൾ പ്രകൃതി ഒരുക്കിയിരിക്കുന്നത് എന്തിനാകാം...?

**പ്രവർത്തനം: 3**




മുകളിൽ കൊടുത്തിരിക്കുന്ന ചിത്രം അപഗ്രഥിച്ച് വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുക.

സസ്യങ്ങൾ ഇല്ലെങ്കിൽ നമുക്ക് ജീവിക്കാനാകുമോ?

എല്ലാ ജീവജാലങ്ങൾക്കും ശ്വസിക്കാൻ ഓക്സിജൻ വേണം. എന്നിട്ടും അന്തരീക്ഷത്തിലെ ഓക്സിജന്റെ അളവ് കുറയാത്തത് എന്തുകൊണ്ട്? ചിത്രം അപഗ്രഥിച്ച് നിഗമനത്തിലെത്തുക.

**പ്രവർത്തനം: 4**

ഹെൽത്ത് സെന്ററിൽ നിന്ന് ലഭിച്ച ഉയര തൂക്ക ചാർട്ടിലെ ഒരു ഭാഗമാണ് താഴെ കൊടുത്തിരിക്കുന്നത്.

| വയസ്സ് | ഉയരം | തൂക്കം |
|---|---|---|
| 8 | 124 | 22 |
| 9 | 129 | 25 |
| 10 | 136 | 26 |
| 11 | 140 | 31 |

ടീച്ചറുടെ നിർദ്ദേശാനുസരണം ബാബുവും കൂട്ടുകാരും അവരുടെ ഉയരവും തൂക്കവും താഴെ കാണും വിധം പട്ടികപ്പെടുത്തി.

| പേര് | വയസ്സ് | ഉയരം | തൂക്കം |
|---|---|---|---|
| ബാബു | 10 | 136 | 26 |
| മനു | 10 | 134 | 20 |
| ദീപു | 11 | 138 | 28 |
| ഗോപു | 10 | 134 | 21 |
| രമേഷ് | 10 | 135 | 26 |
| അരുൺ | 10 | 132 | 22 |

ഈ പട്ടികയിൽ നിന്ന് നിങ്ങൾക്ക് എന്താണ് മനസ്സിലാകുന്നത്?

- എത്ര കുട്ടികൾക്ക് പ്രായത്തിനനുസരിച്ച തൂക്കം ഉണ്ട്?
- എത്ര കുട്ടികൾക്ക് പ്രായത്തിനനുസരിച്ച തൂക്കം ഇല്ല?
- തൂക്കകുറവിന് എന്താണ് കാരണം?
- തൂക്കകുറവ് പരിഹരിക്കാൻ ആഹാരക്രമത്തിൽ എന്ത് മാറ്റം വരുത്തണം?
- പോഷക ഘടകങ്ങളെയും അവയുടെ ധർമ്മങ്ങളെയും കുറിച്ച് പഠിച്ച നിങ്ങൾക്ക് എന്ത് നിർദ്ദേശമാണ് വയ്ക്കാനുള്ളത്?

# UNIT TEST - 2011-12

# Std. V

## Basic Science - Question Bank

**മേഖല: വർഗ്ഗീകരണം**

**പ്രവർത്തനം: 1**

ആഹാരത്തിന്റെ രഹസ്യം എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് ഒരു കാവിലേക്ക് സന്ദർശനം നടത്തി തിരിച്ചുവന്ന കുട്ടികളോട് അവിടെ കണ്ട സസ്യങ്ങളെ ലിസ്റ്റ് ചെയ്യാൻ ആവശ്യപ്പെട്ടു. അനു ലിസ്റ്റ് ചെയ്ത സസ്യങ്ങൾ താഴെ തന്നിരിക്കുന്നു.

തേക്ക്, മാവ് , കൂൺ,

ചെത്തി, ചന്ദനം, ആൽ,

ഇത്തിൾ, മൂടില്ലാത്താളി, പൂപ്പ്

ഇവയെ സമാനതകൾക്കനുസരിച്ച് തരം തിരിക്കാൻ ടീച്ചർ ആവശ്യപ്പെട്ടു. നിങ്ങളാണെങ്കിൽ എങ്ങനെയായിരിക്കും തരംതിരിക്കുക. ഏതടിസ്ഥാനത്തിലാണ് തരംതിരിക്കുക. ഓരോ കൂട്ടങ്ങളുടേയും സവിശേഷതകളും എഴുതുമല്ലോ.

**പ്രവർത്തനം: 2**

നാം വെള്ളത്തിന് വേണ്ടി കിണറും കുളവും ഉപയോഗിക്കാറുണ്ടല്ലോ. ഇതുപോലെ വെള്ളം കിട്ടുന്ന ചില സാധ്യതകളാണ് താഴെ കൊടുത്തിരിക്കുന്നത്.

നീരാവി, തോട്, മഴ, പുഴ, മഞ്ഞ്, കടൽ
മേഘം, ചാല്, കുഴൽകിണർ, തടാകം, ഉറവ

ഇവയെ സമാനതകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാമോ. ഓരോ കൂട്ടത്തിന്റേയും പ്രത്യേകതകൾ എഴുതുമല്ലോ.

**പ്രവർത്തനം: 3**

സ്കൂൾ ശാസ്ത്രപ്രദർശനത്തിന് വേണ്ടി ഗായത്രി കുറെ ചെടികളുടെ വേരുകൾ ശേഖരിച്ച് ക്ലാസ്സിൽ കൊണ്ടുവന്നു. അനുയോജ്യമായ രീതിയിൽ വേർതിരിച്ച് ക്രമീകരിക്കാൻ ടീച്ചർ അവളോട് നിർദ്ദേശിച്ചു. താഴെ കൊടുത്തിരിക്കുന്ന ചെടികളുടെ വേരുകളാണ് ഗായത്രി ശേഖരിച്ചിരുന്നത്.

കറുക, കറ്റാർവാഴ, പ്ലാവ്, തുളസി, കടുക്
കുറുന്തോട്ടി, ഉള്ളി, നിലപ്പന, മാവ്, രാമച്ചം

നിങ്ങളായിരുന്നെങ്കിൽ ഈ വേരുകളെ എങ്ങനെയായിരിക്കും ക്രമീകരിക്കുക?

ഏതടിസ്ഥാനത്തിലാണ് തരംതിരിച്ചതെന്ന് എഴുതുമല്ലോ. ഓരോ കൂട്ടത്തിന്റേയും സവിശേഷതകളും എഴുതണം.

# Std. V

# UNIT TEST - 2011-12

## Basic Science - Question Bank

**മേഖല: പ്രവചിക്കൽ**

**പ്രവർത്തനം: 1**

സുമ ടീച്ചർ മൈക്രോസ്കോപ്പിലൂടെ ആസ്യരന്ധ്രങ്ങളെ കുട്ടികൾക്ക് കാണിച്ചുകൊണ്ടിരുന്നപ്പോൾ അരുൺ ചോദിച്ചു, "ഈ ആസ്യരന്ധ്രങ്ങൾ ഇല്ലാതായാൽ എന്താണ് പ്രശ്നം"?

ആസ്യരന്ധ്രങ്ങൾ ഒന്നും തന്നെ ചെടികളിൽ ഇല്ലെങ്കിൽ എന്തെല്ലാം പ്രശ്നങ്ങളാണ് പ്രകൃതിയിലുണ്ടാവുക?

**പ്രവർത്തനം: 2**

കുളങ്ങളും തോടുകളും വയലുകളും നികത്തി വീടും കെട്ടിടങ്ങളും ഫ്ളാറ്റുകളും പണിയുന്ന കാലമാണല്ലോ ഇത്? ഇങ്ങനെ നമ്മുടെ നാട്ടിലെ കുളങ്ങളും തോടുകളും വയലുകളുമെല്ലാം ഇല്ലാതായാൽ നമ്മുടെ പരിസ്ഥിതിക്ക് എന്ത് സംഭവിക്കും?

**പ്രവർത്തനം: 3**

ജലം ആവിയാകുന്ന പ്രക്രിയയാണല്ലോ ബാഷ്പീകരണം. നാം നിത്യ ജീവിതത്തിൽ ഇതിന്റെ ധാരാളം പ്രയോജനങ്ങൾ അനുഭവിക്കുന്നുണ്ട്. ബാഷ്പീകരണ പ്രക്രിയ ഭൂമിയിൽ ഇല്ലാതായാൽ അത് നമ്മെ എങ്ങനെയെല്ലാം ബാധിക്കും.

**പ്രവർത്തനം: 4**

ജലം മലിനമായാലുണ്ടാകുന്ന ഭവിഷ്യത്തുകൾ നമുക്ക് അറിയാമല്ലോ. നമുക്ക് 'ശുദ്ധജലം' ലഭ്യമാകുന്ന എല്ലാ സ്രോതസ്സുകളും ഇല്ലാതായാൽ അത് ജീവജാലങ്ങളെ എങ്ങനെയെല്ലാം ബാധിക്കും?

**പ്രവർത്തനം: 5**

ഇലകളിൽ ഹരിതകത്തിന്റെ സാന്നിധ്യം തിരിച്ചറിയുന്ന പരീക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയായിരുന്ന സൈനബ തന്റെ കൂട്ടുകാരി ദീപയോട് ചോദിച്ചു "സസ്യങ്ങളിൽ ഹരിതകം ഇല്ലായിരുന്നെങ്കിൽ എന്ത് സംഭവിക്കും"? ഇതിനെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

ഹരിതകമില്ലാതായാൽ ജീവജാലങ്ങളെ അത് എങ്ങനെ ബാധിക്കും? അതുണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ എന്തൊക്കെയായിരിക്കും?

# UNIT TEST - 2011-12

# Std. V

# Basic Science - Question Bank

**മേഖല: ആശയവിനിമയം**

**പ്രവർത്തനം: 1**

വേനൽക്കാലത്ത് 'കുടിവെള്ളക്ഷാമവും വർഷക്കാലത്ത് വെള്ളപ്പൊക്കവും' അനുഭവിക്കുന്ന ഒരുപാട് ജനങ്ങൾ നമുക്ക് ചുറ്റുപാടും ഉണ്ട്. വർഷക്കാലത്ത് ലഭിക്കുന്ന മഴവെള്ളത്തെ സംഭരിച്ച് വേനൽക്കാലത്ത് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള മഴവെള്ളസംഭരണ മാർഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ ഈ സംഭരണ രീതികളെക്കുറിച്ച് സമീപവാസികളെ ബോധവൽകരിക്കാൻ നിങ്ങൾ ഏത് മാർഗം സ്വീകരിക്കും? എന്തെല്ലാം രീതികളാണ് നിങ്ങൾക്ക് അവരോട് വിശദീകരിക്കാനുള്ളത്?

**പ്രവർത്തനം: 2**

അധ്യാപക ദിനത്തോടനുബന്ധിച്ച് അധ്യാപകനാകാൻ നിങ്ങൾക്ക് ഒരു അവസരം ലഭിക്കുകയാണെങ്കിൽ 5-ാം ക്ലാസ്സിലെ കുട്ടികൾക്ക് 'മഴയുണ്ടാകുന്നത്' എന്ന ആശയം എളുപ്പത്തിൽ മനസ്സിലാക്കാൻ ഏത് മാർഗം സ്വീകരിക്കും? എങ്ങനെ വിശദമാക്കും?

**പ്രവർത്തനം: 3**

സ്കൂളിലേക്കുള്ള യാത്രകളിൽ, പതിവായി തുറന്നുകിടക്കുന്ന പൊതുടാപ്പ് അടയ്ക്കാൻ ശ്യാം ശ്രദ്ധിക്കാറുണ്ട്. പരിസര പ്രദേശത്തെ ജനങ്ങളെ ജലസംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്താൻ അവൻ തീരുമാനിച്ചു. സയൻസ് ക്ലബ് അംഗമെന്ന നിലയിൽ നിങ്ങൾക്കവനെ സഹായിക്കാമോ? ഇതിനായി നിങ്ങൾ ഏത് മാർഗം സ്വീകരിക്കും

എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾ അതിൽ ഉൾപ്പെടുത്തുക.

**പ്രവർത്തനം: 4**

കാർഷിക ക്ലബ്ബംഗമായ രമേഷും കൂട്ടരും അഭിമുഖീകരിക്കുന്ന ഒരു പ്രശ്നം കൃഷിയിടത്തിലെ മേൽ മണ്ണിന്റെ ഒലിച്ചുപോക്കാണ്. ഇതിന് എന്താണ് ഒരു പരിഹാരം എന്ന് രമേഷ് നിങ്ങളോട് ആരാഞ്ഞു. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് സ്കൂളിലെ കാർഷിക ക്ലബ്ബംഗങ്ങളെ ബോധവൽക്കരിക്കാൻ നിങ്ങളെ ചുമതലപ്പെടുത്തുകയാണെങ്കിൽ എന്ത് മാർഗമാണ് നിങ്ങൾ സ്വീകരിക്കുക. എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾ അതിൽ ഉൾപ്പെടുത്തുക.

**പ്രവർത്തനം: 5**

പഠനപ്രവർത്തനത്തിന്റെ ഭാഗമായി 5-ാം ക്ലാസ്സിലെ കുട്ടികളുടെ ഉയര തൂക്ക ചാർട്ട് തയ്യാറാക്കിയപ്പോൾ, ഭൂരിഭാഗം കുട്ടികൾക്കും പ്രായത്തിനനുസരിച്ചുള്ള ശരീര വളർച്ചയില്ല എന്നു കണ്ടു. ഇതിനു പരിഹാരമായി CPTA യിൽ രക്ഷിതാക്കൾക്ക് കുട്ടികളുടെ ആരോഗ്യവും ഭക്ഷ്യവസ്തുക്കളുടെ തെരഞ്ഞെടുപ്പും, ആഹാരപദാർത്ഥങ്ങളിലെ പോഷകഘടകങ്ങൾ, അവയുടെ പ്രയോജനം എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു ബോധവൽക്കരണ ക്ലാസ്സ് നടത്താൻ ടീച്ചർ തീരുമാനിച്ചു. ഹെൽത്ത് ക്ലബ്ബ് കൺവീനർ എന്ന നിലയിൽ നിങ്ങളെ ഇതിനു ചുമതലപ്പെടുത്തിയാൽ നിങ്ങൾ ഏതു മാർഗ്ഗം സ്വീകരിക്കും, എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തും?

# UNIT TEST - 2011-12

# Std. V

# Basic Science - Question Bank

**മേഖല: ചോദ്യം ഉന്നയിക്കൽ**

**പ്രവർത്തനം: 1**

ജല വിഭവവകുപ്പ് സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് 'മഴവെള്ളകൊയ്ത്ത്' എന്ന പരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി സ്കൂളിൽ എത്തിയ ജല വിഭവവകുപ്പ് ഉദ്യോഗസ്ഥനോട് ചോദിയ്ക്കാൻ മഴവെള്ള സംഭരണ സാധ്യതകളെസംബന്ധിച്ച പ്രസക്തമായ ചോദ്യങ്ങൾ ഉൾപ്പെടുത്തി ഒരു ചോദ്യാവലി തയ്യാറാക്കുക. (കുറഞ്ഞത് 6 ചോദ്യങ്ങളെങ്കിലും വേണം)

**പ്രവർത്തനം: 2**

'എനിക്കും വേണം ആരോഗ്യം' എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് ഒരു ഡയറ്റീഷ്യനുമായി അഭിമുഖം നടത്താൻ ഒരവസരം നിങ്ങൾക്ക് ലഭിച്ചാൽ പോഷകാഹാരവുമായി ബന്ധപ്പെടുത്തി അദ്ദേഹത്തോട് എന്തെല്ലാം ചോദിച്ചറിയാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? (കുറഞ്ഞത് 6 ചോദ്യങ്ങളെങ്കിലും വേണം)

**പ്രവർത്തനം: 3**

കാർഷിക മേഖലയിൽ പൊതുവെ യുവജനങ്ങൾക്ക് താൽപര്യം കുറഞ്ഞുവരികയാണല്ലോ. ഇത്തരം സാഹചര്യത്തിൽ 'കർഷികമിത്ര' അവാർഡ് ലഭിച്ച യുവകർഷകനായ അനിലിനെ അനുമോദിയ്ക്കുന്നതിന് ഒരു യോഗം സംഘടിപ്പിക്കാൻ സ്കൂൾ ഫാർമേഴ്സ് ക്ലബ്ബ് തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് ക്ലബ്ബംഗങ്ങൾ ഒരു അഭിമുഖവും നടത്താൻ നിശ്ചയിച്ചു. ഈ പരിപാടിയിൽ പങ്കെടുക്കാൻ നിങ്ങൾക്ക് ഒരവസരം ലഭിയ്ക്കുകയാണ് എങ്കിൽ എന്തെല്ലാം ചോദ്യങ്ങളായിരിക്കും നിങ്ങൾ അദ്ദേഹത്തോട് ചോദിയ്ക്കുക? (കുറഞ്ഞത് 8 ചോദ്യങ്ങളെങ്കിലും എഴുതണം)

**പ്രവർത്തനം: 4**

മണ്ണ് സംരക്ഷണദിനത്തോടനുബന്ധിച്ച് പരിസ്ഥതി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ക്ലാസ്സ് എടുക്കാൻ വന്ന മണ്ണു സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥനോട്, ഈ വിഷയവുമായി ബന്ധപ്പെട്ട ഏതെല്ലാം ചോദ്യങ്ങൾ നിങ്ങൾ ഉന്നയിക്കും? (കുറഞ്ഞത് 6 ചോദ്യങ്ങളെങ്കിലും വേണം)

# UNIT TEST - 2011-12

# Std. V

## Basic Science - Question Bank

### മേഖല: അറിവിന്റെ പ്രയോഗം

**പ്രവർത്തനം: 1**

രമേഷ് കുടുംബസമേതം വേനലവധിക്കാലത്ത് ഉത്തരേന്ത്യയിലേക്ക് ഉല്ലാസയാത്രപോയി. നിറഞ്ഞൊഴുകുന്ന ബ്രഹ്മപുത്രനദികണ്ട് അനുജൻ രമേഷിനോട് ചോദിച്ചു. "ചേട്ടനല്ലേ പറഞ്ഞത് ഉത്തരേന്ത്യയിൽ മഴകുറവാണെന്ന് പിന്നെ എങ്ങനെയാണ് ഈ നദി നിറഞ്ഞൊഴുകുന്നത്? രമേഷിന്റെ സ്ഥാനത്ത് നിങ്ങളായിരുന്നുവെങ്കിൽ എന്തുമറുപടിയാകും നൽകുന്നത്.?

**പ്രവർത്തനം: 2**

അച്ഛൻ മാവിൽ നിന്ന് ഇത്തിൾ പറിച്ചുമാറ്റുന്നത് കണ്ട മനുവിന് ഒരു സംശയം - എന്താണ് അച്ഛൻ പ്ലാവിൽ നിന്ന് മരവാഴ പറിച്ച് മാറ്റാത്തത്? ഇത്തിൾ, മരം ഉണക്കുമെന്നും മരവാഴ ഉപദ്രവകാരിയല്ലെന്നും അച്ഛൻ മനുവിനോട് പറഞ്ഞു. അച്ഛൻ പറഞ്ഞതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം സാധൂകരിക്കുക.

**പ്രവർത്തനം: 3**

മനോജിന് മാംസാഹാരം മാത്രം കഴിക്കാനാണ് ഇഷ്ടം എന്നാൽ അവന്റെ അമ്മ പച്ചക്കറികളും പഴവർഗ്ഗങ്ങളും മാംസാഹാരത്തോടൊപ്പം കഴിക്കുവാൻ അവനെ നിർബന്ധിക്കുന്നു.

എന്തുകൊണ്ടാണ് മനോജിന്റെ അമ്മ അവനെ ഇത്തരം ഭക്ഷണം കഴിക്കുവാൻ നിർബന്ധിക്കുന്നത്? മനോജിന്റെ അമ്മയോട് നിങ്ങൾ യോജിക്കുന്നുണ്ടോ എന്തുകൊണ്ട്?

**പ്രവർത്തനം: 4**

പച്ചക്കറിത്തോട്ടം ഉണ്ടാക്കാനായി പരിസരം ഒരുക്കുന്നതിനിടയിൽ പുല്ല് പറിച്ചുകൊണ്ടിരുന്ന അമ്മു പറഞ്ഞു "പുല്ലു പറിക്കാനെന്തെളുപ്പം, ഈ കുറുന്തോട്ടി പറിച്ചിട്ടും കിട്ടുന്നില്ല" അമ്മുവിന്റെ ഈ സംശയം ദൂരീകരിക്കാൻ നിങ്ങൾക്കെങ്ങനെ കഴിയും?

1. പുല്ലുപറിക്കാനെളുപ്പമായത് എന്തുകൊണ്ട്?
2. കുറുന്തോട്ടി പറിയ്ക്കാൻ ബുദ്ധിമുട്ടനുഭവപ്പെട്ടത് എന്തുകൊണ്ട്?
3. വേരിന്റെ ഏത് ധർമ്മമാണ് ഇവിടെ പ്രസക്തമാകുന്നത്? വേരുകൾ മറ്റേതൊക്കെതരത്തിൽ പ്രയോജനകരമാകുന്നു?

**പ്രവർത്തനം: 5**

അന്താരാഷ്ട്ര വന വർഷത്തോടനുബന്ധിച്ച് സ്കൂളിൽ വിതരണം ചെയ്ത വൃക്ഷതൈകളിൽ ദേവുവിന് ലഭിച്ചത് ചന്ദനമരത്തിന്റെ തൈ ആയിരുന്നു. വീട്ടിലെത്തി നടാനൊരുങ്ങിയ ദേവുവിനോട് ചന്ദനതൈയ്ക്കൊപ്പം വളർന്നിരിക്കുന്ന ആര്യവേപ്പ് പറിച്ചുകളയാൻ അമ്മ ആവശ്യപ്പെട്ടു. എന്നാൽ ദേവു ഇതിന് സമ്മതിച്ചില്ല.

എന്തുകൊണ്ടാവാം ദേവു ഇങ്ങനെ പ്രതികരിച്ചത്? നിങ്ങളുടെ അഭിപ്രായത്തെ സാധൂകരിക്കുക

# UNIT TEST - 2011-12

# Std. V

## Basic Science - Question Bank

### മേഖല: പരീക്ഷണത്തിലേർപ്പെടൽ

**പ്രവർത്തനം: 1**

എല്ലാ നിറത്തിലുള്ള ഇലകളിലും ഹരിതകമുണ്ടെന്ന് രാമുവും, പച്ച ഇലകളിൽ മാത്രമേ ഹരിതകമുള്ളു എന്ന് അനുവും വാദിക്കുന്നു. ഇവരുടെ സംശയം തീർക്കാൻ നിങ്ങൾക്ക് കഴിയില്ലേ?

താഴെ തന്നിരിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് ഒരു പരീക്ഷണത്തിലൂടെ നിങ്ങൾ എങ്ങിനെ അവരുടെ സംശയം ദൂരീകരിക്കും? പരീക്ഷണക്കുറിപ്പ് തയ്യാറാക്കുമല്ലോ.

സാമഗ്രികൾ:- അരിപ്പുകടലാസ്, വെളുത്തകോട്ടൺ തുണി, വെള്ളക്കടലാസ്, പച്ച ഇലകൾ, ചുവന്നചീര, ക്രോട്ടൺ ഇല, വെള്ളില, വെളുത്ത നൂൽ, ബീക്കർ

**പ്രവർത്തനം: 2**

മണ്ണൊലിപ്പ് ചെടികളുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുമെന്നും മേൽമണ്ണ് ചെടിയുടെ വളർച്ചയെ സ്വാധീനിക്കുമെന്നും നിങ്ങൾക്കറിയാമല്ലോ...... താഴെ തന്നിരിക്കുന്ന സാമഗ്രികൾ ഉപയോഗിച്ച് എങ്ങനെ മേൽമണ്ണ് ചെടിയുടെ വളർച്ചയെ സ്വാധീനിക്കുന്നുവെന്ന് വ്യക്തമാക്കാൻ ഒരു പരീക്ഷണം ചെയ്ത് പരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

സാമഗ്രികൾ:- മേൽമണ്ണ്, ബീക്കറുകൾ, ഗ്ലാസ്റോഡുകൾ, അടിമണ്ണ്, അരിപ്പുകടലാസ്, ജലം

**പ്രവർത്തനം: 3**

പദാർത്ഥങ്ങളുടെ അലിയൽ വേഗത്തിലാക്കാൻ എന്തൊക്കെ ചെയ്യാമെന്ന് നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ താഴെ തന്നിരിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷിച്ച് നോക്കി ഏതെങ്കിലും രണ്ട് മാർഗങ്ങൾ നിർദ്ദേശിക്കാമോ?

പരീക്ഷണക്കുറിപ്പും തയ്യാറാക്കുമല്ലോ?

സാമഗ്രികൾ:- കൽക്കണ്ടം, ടെസ്റ്റ്ട്യൂബ്, ഉപ്പ്, സ്പിരിറ്റ് ലാംബ്, ഗ്ലാസ് റോഡ്, ജലം, ബീക്കർ, ചോക്ക്പൊടി, മാർബിൾ

**പ്രവർത്തനം: 4**

കുളിക്കാൻ, കൈകഴുകാൻ, മാലിന്യങ്ങൾ നീക്കം ചെയ്യാൻ, വസ്ത്രം കഴുകാൻ തുടങ്ങി നിരവധി സന്ദർഭങ്ങളിൽ വെള്ളം നമുക്ക് പ്രയോജനപ്പെടുന്നുണ്ടല്ലോ? ജലത്തിന്റെ ഏത് സവിശേഷതയാണ് ഇതിന് സഹായിക്കുന്നത്? ജലത്തിന്റെ ഈ സവിശേഷത താഴെ തന്നിരിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണം ചെയ്ത് വിശദമാക്കാമോ?

പരീക്ഷണക്കുറിപ്പും എഴുതുമല്ലോ?

സാമഗ്രികൾ:- ജലം, ബീക്കർ, ടെസ്റ്റ് ട്യൂബ്, സോഡാക്കാരം, മണ്ണെണ്ണ, വെളിച്ചെണ്ണ, ഗ്ലാസ് റോഡ്, കറിയുപ്പ്, പഞ്ചസാര, ഐസ്, തുരിശ്, സോപ്പ്, പെയിന്റ്, പൊട്ടാസ്യം പെർമാംഗനേറ്റ്